# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 6617 - 09/11/2016 - ലെ മറുപടിക്ക്

### മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ .കെ.വി.വിജയദാസ്

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ആവശ്യമായ ഉണർവ്വ് നൽകുന്നതിന് മൂലധന ചെലവിൽ വലിയതോതിലുള്ള വർദ്ധനവ് ആവശ്യമാണ്. അടിസ്ഥാന വികസന സൗകര്യ കമ്മി നികത്തുന്നതിനാണ് സർക്കാർ ഏറ്റവും മുൻഗണന നൽകുന്നത്. സംസ്ഥാനത്തിന് അത്യന്തികം ആവശ്യമുള്ള വൻകിട മൂലധന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ വിവിധ സാമ്പത്തിക അടിസ്ഥാന വികസന സൗകര്യസ്ഥാപനങ്ങളിലൂടെ ബജറ്റിന് പുറമെയുള്ള വിഭവ സമാഹരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി Kerala Infrastructure Investment Fund (KIIF) Act ൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി SEBI യും RBI യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കും.<br>നിക്ഷേപവർദ്ധന ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചിട്ടുള്ള പലിശരഹിത ധനകാര്യ സ്ഥാപനമായ ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസിന്റെ പ്രവർത്തനം വിപുലപ്പെടുത്തും. 250 കോടിരൂപ മുതൽ മുടക്കി കെ.എസ്.ഡി.പി. നവീകരിക്കുന്നതിനായി ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസിന്റെ ഓഹരി വർദ്ധിപ്പിക്കും.<br>കാതലായ അടിസ്ഥാനസൗകര്യ പദ്ധതികൾക്കായി എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇന്ന് വലിയ തോതിൽ വിഭവ സമാഹരണം |

| | | |
|---|---|---|
| | | ആവശ്യമാണ്. പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിങ്ങ് ഓഫ് ഡെബ്റ്റ് സെക്യൂരിറ്റീസ് മാർഗ്ഗ രേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുന്നതാണ്. |
| (ബി) | ഇക്കാര്യത്തിൽ നിലവിൽ പരിഗണനയിലിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ? | സർക്കാർ നടപ്പിലാക്കുന്ന പ്രധാന മൂലധന നിക്ഷേപ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• റോഡുകൾക്കും പാലങ്ങൾക്കുമായി നടപ്പു സാമ്പത്തിക വർഷം 1206 കോടി രൂപ ചെലവഴിക്കും.<br>• ലോകബാങ്കിന്റെ സഹായത്തോടെയുള്ള കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിനായി (363 കി.മീ.) 523 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>• പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 5000 കോടി രൂപയുടെ പാലങ്ങൾ, ഫ്ളൈ ഓവറുകൾ/ അണ്ടർ പാസ്സേജുകൾ, ബൈപ്പാസുകൾ, റോഡുകൾ, റെയിൽവേ മേൽപ്പാലങ്ങൾ എന്നിവ നിർമ്മിക്കും. ആകെ 20000 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്.<br>• കൊച്ചി മെട്രോ, വിഴിഞ്ഞം ഹാർബർ, കണ്ണൂർ എയർപോർട്ട്, കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ, ഹിൽ ഹൈവേ, മൊബിലിറ്റി ഹബ്ബ്, സബർബൻ റെയിൽ കോറിഡോർ, വൻകിട പാർക്കുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് 2536 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>• 5 ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കും. ഇതിനായി നടപ്പു വർഷം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ